കൊതുകുനശീകരണവും മറ്റു പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടത്തുന്ന ഉദ്യോഗസ്ഥർ

244 [3218] *പ്രൊഫ. എ. ഡി. മുസ്തഫ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുകു നശീകരണവും മറ്റു പ്രതിരോധപ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടത്തുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്; സംസ്ഥാനത്ത് ഇത്തരത്തിൽ ആകെ എത്ര ഉദ്യോഗസ്ഥർ നിലവിൽ ഉണ്ട്; ഈ തസ്തികകളിൽ ഒഴിവുകളുണ്ടെങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ 5 ബയോളജിസ്റ്റ്, 4 എന്റമോളജിസ്റ്റ് എന്നിവരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ മലേറിയ ഓഫീസർ, ബയോളജിസ്റ്റ് എന്നിവരാണ് ജില്ലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തിവരുന്നത്. ഗ്രാമപ്രദേശങ്ങളിൽ കൊതുകുജന്യരോഗങ്ങളുടെ നിയന്ത്രണം ഹെൽത്ത് സൂപ്പർവൈസർ ഏകോപിപ്പിച്ച് നടത്തിവരുന്നു.

	അനുവദിച്ചിട്ടുള്ള തസ്തികകൾ	*ഒഴിവുകൾ*
സീനിയർ ബയോളജിസ്റ്റ്	3	ഇല്ല
മലേറിയ ഓഫീസർ	14	1
ബയോളജിസ്റ്റ്	9	5
എന്റമോളജിസ്റ്റ്	1	ഇല്ല
ഹെൽത്ത് സൂപ്പർവൈസർമാർ	174	20

(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

സർക്കാരാശുപത്രികൾക്കാവശ്യമായ മരുന്നുകൾ

245 [3219] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ് പോളിസിയുടെ ഭാഗമായി 2005-2006 സാമ്പത്തികവർഷം കേരളത്തിലെ സർക്കാരാശുപത്രികൾക്കാവശ്യമായ മരുന്നുകൾ ഏതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത മരുന്നുകളുടെ കാറ്റഗറൈസ്ഡ് ലിസ്റ്റ് (IV level) പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എന്നാൽ ഈ നിയമത്തിനുവിരുദ്ധമായി മരുന്നുകൾ വാങ്ങുന്നതിന് സി. പി. സി. (സെൻട്രൽ പർച്ചേസ് കമ്മിറ്റി) സപ്ലൈ ഓർഡർ നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ സർക്കാരിന് എന്ത് അധികബാദ്ധ്യത വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 7-10-2004-ലെ ജി. ഒ. (പി) നമ്പർ 267/2004/ആ.കുവ അനുസരിച്ച് പ്രൈമറി കെയർ, സെക്കണ്ടറി കെയർ, താലൂക്ക് ജില്ലാ/മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നീ നാലുതലത്തിൽ ആവശ്യം വേണ്ടുന്ന മരുന്നുകളുടെ കാറ്റഗറൈസ്ഡ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, ആശുപത്രികൾക്ക് ആവശ്യമായിവരുന്ന മരുന്നുകളും മറ്റു അനുബന്ധസാമഗ്രികളും ലോക്കൽ പർച്ചേസ് മുഖേന വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന് സ്വന്തം കെട്ടിടം പണിയാൻ നടപടി

246 [3221] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന് സ്വന്തം കെട്ടിടം ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(സി) ഈ സ്ഥാപനത്തിൽ ഐ. പി. വിഭാഗം ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ;

(ഡി) പുലയനാർകോട്ടയിലെ സ്ഥലത്ത് സ്വന്തമായ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly